**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **08-10-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങാത്ത മുതലാളിത്തത്തിന്റെ ഭീകരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഭരണകൂടവും മുതലാളിത്തവർഗവും ചേർന്നുള്ള ചങ്ങാത്ത മുതലാളിത്തത്തിന്റെ ഭീകരതകളെക്കുറിച്ച് സാമ്പത്തിക വിദഗ്ധർ നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിവിധ രാജ്യങ്ങളിലെ ഭരണകൂടങ്ങളും, മുതലാളിത്തവർഗ്ഗവും ചേർന്നുള്ള ചങ്ങാത്ത മുതലാളിത്തത്തെപ്പറ്റിയും (Crony Capitalism), അതിന്റെ ദൂഷ്യവശങ്ങളെപ്പറ്റിയുമുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കച്ചവടക്കാർ തങ്ങളുടെ രാഷ്ട്രീയ ബന്ധങ്ങൾ ഉപയോഗിച്ച് വിപണിയിൽ അന്യായ നേട്ടം കൊയ്യുന്നതും, സ്വത്തും അധികാരവും മുതലാളിമാരുടേയോ കോർപ്പറേറ്റുകളുടേയോ കരങ്ങളിൽ കേന്ദ്രീകരിക്കുന്നതും ചങ്ങാത്ത മുതലാളിത്തത്തിന്റെ പോരായ്മയാണ്. അതിരുകടന്ന ചങ്ങാത്ത മുതലാളിത്തം സർക്കാർ സ്ഥാപനങ്ങളിലും, സാമ്പത്തിക വ്യവസ്ഥയിലും ഉള്ള പൊതു വിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കുമെന്ന ശക്തമായ വാദഗതി നിലവിലുണ്ട്. |
| (ബി) | പൊതുമേഖലാ ബാങ്കുകളുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും അതേസമയം ബാങ്ക് ദേശസാൽക്കരണം മുന്നോട്ടുവച്ച ലക്ഷ്യങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ സമീപനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഷെഡ്യൂൾഡ് ബാങ്കുകളുടെ നിയന്ത്രണം കേന്ദ്ര സർക്കാരിനും, റിസർവ് ബാങ്കിനുമാണ്. സംസ്ഥാന സർക്കാർ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് ബാങ്കിങ് സേവനങ്ങളുടെ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നുണ്ട്. |
| (സി) | റിസർവ് ബാങ്കിന്റെ ചുമതലയിലുള്ള വാണിജ്യ ബാങ്കുകളിലെ നിക്ഷേപങ്ങളുടെയും വായ്പകളുടെയും പലിശ നിരക്ക് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം കേന്ദ്ര സർക്കാർ ഇപ്പോൾ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഷെഡ്യൂൾഡ് ബാങ്കുകളുടെ നിയന്ത്രണം കേന്ദ്ര സർക്കാരിനും, റിസർവ് ബാങ്കിനുമാണ്. സംസ്ഥാന സർക്കാർ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് ബാങ്കിങ് സേവനങ്ങളുടെ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നുണ്ട്. |
| (ഡി) | പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടം വൻതോതിൽ വർദ്ധിക്കാനുള്ള മുഖ്യകാരണം പൊതുമേഖലാ ബാങ്കുകളും സ്വകാര്യ ബാങ്കുകളും കൂട്ടുചേർന്നുള്ള | (ഡി) | ഷെഡ്യൂൾഡ് ബാങ്കുകളുടെ നിയന്ത്രണം കേന്ദ്ര സർക്കാരിനും, റിസർവ് ബാങ്കിനുമാണ്. സംസ്ഥാന സർക്കാർ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി |

| | | | |
|---|---|---|---|
| | കൺസോർഷ്യം വായ്പയാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | ബന്ധപ്പെട്ട് ബാങ്കിങ് സേവനങ്ങളുടെ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നുണ്ട്. |
| (ഇ) | ബാങ്കിംഗ് സേവനങ്ങളും സൗകര്യങ്ങളും സാധാരണക്കാർക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഷെഡ്യൂൾഡ് ബാങ്കുകളുടെ നിയന്ത്രണം കേന്ദ്ര സർക്കാരിനും, റിസർവ് ബാങ്കിനുമാണ്. സംസ്ഥാന സർക്കാർ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് ബാങ്കിങ് സേവനങ്ങളുടെ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ